Reg. No.: ...............................

Name : ...................................

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

M 7853

# I Semester B.A. Degree (CCSS – Regular) Examination, November 2014
## COMPLEMENTARY COURSE IN MALAYALAM
## 1 C 01 MAL : മലയാള സാഹിത്യചരിത്രം (ഭാഗം – 1)
## (2014 Admn.)

Time : 3 Hours

Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) രാമചരിതത്തിന്റെ കവി, കാലം, സവിശേഷതകൾ എന്നിവ വിശദീകരിക്കുക.

2) ആദ്യകാല ചമ്പുക്കളും മദ്ധ്യകാലചമ്പുക്കളും ഭാഷയുടേയും പ്രമേയത്തിന്റെയും കാര്യത്തിൽ എത്രത്തോളം വ്യത്യസ്തമാണെന്ന് പരിശോധിക്കുക.

3) എഴുത്തച്ഛൻ കൃതികൾ മലയാളസാഹിത്യത്തിൽ വരുത്തിയ മാറ്റം വിശദീകരിക്കുക.

4) കോട്ടയം തമ്പുരാന്റേയും ഉണ്ണായി വാര്യരുടേയും ആട്ടക്കഥകൾ അഭിനയത്തികവിന്റേയും സാഹിത്യഗരിമയുടേയും ഉദാഹരണങ്ങളാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

**(2×7=14 മാർക്ക്)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) തിരുനിഴൽ മാലയിൽ പാട്ടിന്റെ ലക്ഷണം എത്രത്തോളം യോജിച്ചു കാണുന്നു ?

6) നിരണം കവികളുടെ സവിശേഷതകൾ വിശദീകരിക്കുക.

7) കൃഷ്ണഗാഥക്ക് എഴുത്തച്ഛൻ കൃതികളേക്കാൾ പ്രാചീനത അവകാശപ്പെടുമ്പോൾ തന്നെ ഭാഷാപിതൃത്വം എഴുത്തച്ഛന് നൽകാനുള്ള കാരണം വിലയിരുത്തുക.

8) മലയാളത്തിലെ സന്ദേശകാവ്യ പ്രസ്ഥാനത്തെക്കുറിച്ചുപന്യസിക്കുക.

9) ശാസനങ്ങളിലെ ഗദ്യഭാഷയുടെ സവിശേഷതകൾ വിശദീകരിക്കുക.

10) കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ പ്രകടമാകുന്ന ജനകീയതയെക്കുറിച്ച് പ്രതിപാദിക്കുക.

**(4×3=12 മാർക്ക്)**

P.T.O.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ഒരു ജനകീയ ഗാനമഹാകാവ്യമാണ് രാമകഥാപ്പാട്ട് – വിശദീകരിക്കുക.

12) ആട്ടപ്രകാരം, ക്രമദീപിക എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക.

13) 'ചന്ദ്രോത്സവ'ത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) ജ്ഞാനപ്പാനയിലെ കവിയുടെ ആത്മാംശം ഭക്തിയെ തീവ്രമാക്കുന്നതെങ്ങനെ ?

15) കുചേലവൃത്തം വഞ്ചിപ്പാട്ട് ഒരു ഭാവഗീതമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

16) ആദ്യകാല മണിപ്രവാളകൃതികളിൽ കാണപ്പെടുന്ന സാംസ്കാരിക തലമെന്ത് ?

**(4×2=8 മാർക്ക്)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച സന്ദേശകാവ്യമേത് ?

18) 'ഉത്തരാസ്വയംവരം' ആട്ടക്കഥ രചിച്ചതാര് ?

19) 'രാമായണം ചമ്പു'വിന്റെ കർത്താവാര് ?

20) മണിപ്രവാളത്തിന്റെ ലക്ഷണമെഴുതുക.

21) അയ്യനടികൾ തിരുവടികൾ സപീർ ഈശോക്ക് നൽകുന്ന ശാസനം ഏത് പേരിലറിയപ്പെടുന്നു ?

22) ദാമോദരച്ചാക്യാർ രചിച്ച ചമ്പൂകാവ്യം ഏത് ?

23) മുണ്ടക്കൽ സന്ദേശം എന്നു കൂടി പേരുള്ള സന്ദേശകാവ്യമേത് ?

24) ഭാരതമാലയുടെ കർത്താവാര് ?

**(6×1=6 മാർക്ക്)**

---